പകന്മാരുടെ സ്ഥിരപ്പെടുത്തൽ, അവധിക്കായ്യും സംബന്ധമായ ഉത്തരവുകൾ പുറപ്പെടുവിച്ചു കഴിഞ്ഞു. ടി അദ്ധ്യാപകരുടെ സന്താനങ്ങൾക്കും ഫീസ്സൗജന്യം അനുവദിച്ചിട്ടുണ്ട്. മിഡിൽസ്കൂൾ സർവീസിൽ ഇരിക്കുന്നവരിൽനിന്നു മാത്രമാണ് ഇപ്പോൾ ഹൈസ്കൂളുകളിലേയ്ക്ക് പണ്ഡിറർകളെ പ്രമോട്ട ചെയ്യുന്നത്. സ്ഥലമാറ്റക്കാര്യത്തിൽ സർവീസിൽ ഇരിക്കുന്നവർക്ക് പുതിയ റിക്രൂട്ടുകളെക്കാൾ മുൻഗണന നൽകുന്നുണ്ട്.

(ബി) കണക്കെടുത്തിട്ടില്ല.

(സി) വൈമനസ്യമല്ല കാരണം. ഗവണ്മെൻറ പല കാര്യങ്ങളും പര്യാലോചിച്ച് തീരുമാനം ചെയ്യേണ്ടതാണ്. ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. യു. നീലകണ്ഠൻ : ഇതിൽ ഏതെല്ലാം കാര്യങ്ങളാണ് ഇനിയും ചെയ്യാതിരിക്കുന്നത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവർ ആവശ്യപ്പെട്ട സംഗതികളും ഗവണ്മെൻറ ചെയ്ത സംഗതിയും പറഞ്ഞിട്ടുണ്ട്. ബാക്കിയുള്ളത് ചെയ്യാത്തതാണ്.

ശ്രീ. ടി. എ. മജീദ് : സ്കൂൾ സറണ്ടർ ചെയ്തിട്ട് എത്ര കാലമായി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നോട്ടീസു വേണം.

ശ്രീ. ടി. എ. മജീദ് : ഇതുവരെ അവരെ സ്ഥിരപ്പെടുത്താത്തത് എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവരെ സ്ഥിരപ്പെടുത്തിക്കഴിഞ്ഞു.

മന്ത്രിമാരും സാമുദായികസംഘടനകളും.

* 562. [14] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ മന്ത്രിമാരിൽ ആരെങ്കിലും, സാമുദായികമോ, സാമൂഹ്യമോ ആയ സംഘടനകളിൽ ഔദ്യോഗികസ്ഥാനം വഹിക്കുന്നുണ്ടോ ;

(ബി) ആ വകയിൽ എന്തെങ്കിലും തുക കേന്ദ്രഗവണ്മെൻറിൽ നിന്നോ, ഇൻഡ്യൻ കേന്ദ്രസംഘടനയിൽ നിന്നോ പ്രവർത്തനത്തിന്റെ പേരിൽ ലഭിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആരു്, ഏതു സംഘടന, തുക എന്തു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇപ്പോഴത്തെ മന്ത്രിമാരിൽ ഒരാൾ അതായതു് ലേബർ സെൽഫ് ഗവണ്മെൻറിന്റെ മന്ത്രി; ആൾ ഇൻഡ്യാ ഡിപ്രസ്ഡ് ക്ലാസ് ലീഗ് കൗൺസിലിലെ ഒരംഗമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആ വക കാര്യത്തിൽ കേന്ദ്രഗവണ്മെൻറിൽനിന്നോ കേന്ദ്ര സംഘടനയിൽനിന്നോ തുകയൊന്നും ലഭിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

ശ്രീ. തോപ്പിൽ രാമൻപിള്ള : സാമുദായികമോ സാമൂഹ്യമോ ആയ സംഘടനയിൽ ഔദ്യോഗിക സ്ഥാനങ്ങളിൽ ഇരിക്കുന്നവരെ മന്ത്രിമാരായിട്ട് എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ടി. എ. മജീദ് : സാമുദായികസംഘടനകളിൽപ്പെട്ട ആളുകളെ പ്രോത്സാഹിപ്പിക്കുന്നതിൽ ഗവണ്മെൻറിൻെറ നയം എന്താണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സാമുദായികസംഘടനകളെ പ്രോത്സാഹിപ്പിക്കേണ്ടതു ഗവണ്മെൻറിൻെറ ചുമതലയല്ല.

ശ്രീ. പി. നാരായണൻപോറ്റി : ഏതെല്ലാമാണ് സാമുദായിക സംഘടനകൾ; ഏതെല്ലാമാണ സാമൂഹ്യസംഘടനകൾ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ജാതി അനുസരിച്ചുള്ള ജനസമൂഹത്തെ ബാധിക്കുന്ന സംഘങ്ങളാണ് സാമുദായികസംഘടനകൾ. ജാതിപരിഗണന കൂടാതെയുള്ള സംഘടനകൾ സാമൂഹ്യസംഘടനകൾ.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഡിപ്രസ്ഡ് ക്ലാസ് ലീഗ് സാമുദായിക സംഘടനയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് സാമൂഹ്യപ്രവർത്തനം നടത്തുന്ന ഒന്നാണ് .

ടൈം സ്കെയിൽ.

* 563. [15] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ജി. ഓ. മാർക്ക് ടൈംസ്കെയിൽ നടപ്പാക്കാത്തതിൻെറ മുഖ്യകാരണങ്ങൾ എന്തെല്ലാം;

(ബി) ഗസറ്റഡ് ആഫീസേഴ്സിൻെറ ശമ്പളം ഉടൻ കൂട്ടുന്നതിനു് മുഖ്യകാരണങ്ങൾ എന്തെല്ലാം;

(സി) പേ കമ്മിഷൻ റിപ്പോർട്ട് വരാൻ ഇനി എത്ര കാലം പ്രതീക്ഷിക്കാം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) നടപ്പാക്കി കഴിഞ്ഞു.

(ബി) അവരുടെ ശമ്പളം മറ്റുള്ളവരുടെ ശമ്പളം അനുസരിച്ചു് കുറവായതുകൊണ്ടും എൻ.ജി.ഓ. മാർ വേണ്ടി പല ഗസറ്റഡ് ഗ്രേഡുകളും പരിഷ്കരിക്കേണ്ടിവന്നിട്ടുള്ളതുമാണ്.

(സി) റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly